(2) രേഖാമൂലം നല്കിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദേശ രാഷ്ട്രങ്ങൾ നിഷ്കർഷിച്ച പ്രകാരം പാഠ്യപദ്ധതിയിൽ വരുത്തിയ മാറ്റങ്ങൾ

3 (*123) ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യു. ടി. ഒ. നിയമപ്രകാരം വിദേശ രാഷ്ട്രങ്ങൾ നിഷ്കർഷിക്കുന്ന പ്രത്യേക വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർക്ക് വിദേശത്ത് തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യത തടഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ വിദേശരാജ്യങ്ങൾ നിഷ്കർഷിക്കുന്ന യോഗ്യത ലഭിക്കത്തക്കവണ്ണം നമ്മുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതനുസരിച്ച് പാഠ്യപദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിദേശരാഷ്ട്രങ്ങൾ നിഷ്കർഷിച്ച പ്രകാരം പാഠ്യപദ്ധതിയിൽ വരുത്തിയിട്ടുള്ള മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വാർഷിക ഫീസ്

4 (*124) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ വാർഷിക ഫീസ് നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലും ഈ ഫീസ് നിരക്ക് ബാധകമാണോ ;

(സി) ഫീസ് നിരക്ക് നിർണ്ണയിക്കുന്നതിന് മുമ്പ് ഗവൺമെന്റ് ഇതിനു വേണ്ടി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഫീസ് നിരക്ക് നിർണ്ണയിക്കുന്നതിനു മുമ്പ് സ്വാശ്രയ കോളേജുകളുടെ മാനേജ്മെന്റുമായി എന്തെങ്കിലും ചർച്ച നടത്തുകയോ ധാരണ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ഫീസ് നിരക്ക് ബാധകമാണോ ;

(എഫ്) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്ക് ഡെപ്പോസിറ്റ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ഉണ്ടെങ്കിൽ എത്ര ;

(ജി) നിർദ്ദിഷ്ട ഫീസിനു പുറമേ കോളേജ് മാനേജ്മെന്റ് ഡെവലപ്മെന്റ് ഫണ്ട് എന്ന പേരിൽ തുക വാങ്ങുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്. ഇതു സംബന്ധിച്ച് 26-5-2003-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ജി. ഒ. (ആർടി.) നമ്പർ 718/03/ഉവിവ. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അതെ.

(സി) ഉണ്ട്. ഫീസ് നിർണ്ണയിക്കാൻ നിയോഗിക്കപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ചർച്ച നടത്തിയിട്ടുണ്ട്.

(ഇ) അതെ. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് അവർക്ക് ഫീസ് ആനുകൂല്യം നൽകുന്നുണ്ട്.

(എഫ്) മാനേജ്മെന്റ് സീറ്റുകളിൽ ഒരു ലക്ഷം രൂപയിൽ കൂടാത്ത തുക പഠനം പൂർത്തിയായ ശേഷം തിരിച്ചു നൽകണമെന്ന വ്യവസ്ഥയിൽ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത് ഒഴിവാക്കാനുള്ള സ്വാതന്ത്ര്യം മാനേജ്മെന്റിനുണ്ട്.

(ജി) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഫീസിന് ഉപരി ഡെവലപ്മെന്റ് ഫണ്ട് ഇനത്തിൽ ഒന്നും തന്നെ ഈടാക്കാൻ പാടില്ല എന്ന് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly